# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5850** **04.11.2016-ൽ മറുപടിക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പിൽ അടച്ച തുക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ ഡിമാന്റ് നോട്ടീസ് നൽകിയതനുസരിച്ച് തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നത് സംബന്ധിച്ച് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 26/09/2016-ന് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചേമ്പറിൽ വച്ച് ചേർന്ന ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റിയിൽ ദേശീയപാത കോഴിക്കോടിന്റെ കീഴിലുള്ള എൻ.എച്ച് 766 (പഴയ എൻ.എച്ച് 212) കി.മീ 15/000 മുതൽ 19/700 വരെയുള്ള റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് JICA-യ്ക്ക് കുഴിയെടുക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | റോഡിൽ കുഴിയെടുക്കുന്നത് സംബന്ധിച്ച് തർക്കം നിലവിലുണ്ടോ; | (സി) | കുഴിയെടുത്ത് സ്ഥലം ശരിയാംവണ്ണം നികത്തി ഉറപ്പിക്കാത്തതു കൊണ്ടും ഗ്യാരന്റി പീരിയഡ് നിലവിലുള്ള റോഡുകളിൽ കുഴിയെടുക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകാറുണ്ട്. കൂടാതെ അനുമതി നൽകിയ കാലയളവിൽ പ്രവൃത്തി തീർക്കാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. |

| | |
|---|---|
| (ഡി) ആയത് പരിഹരിക്കാൻ ഒരു ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഡിസ്ട്രിക്റ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ചർച്ചകൾ ഉണ്ടാകാറുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ നടപടികൾ ഉന്നത തലത്തിൽ യോഗം ചേർന്ന് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ